■ രവിവർമ്മ



നരേന്ദ്രമോഡി

ഗുജറാത്ത്

# ബച്ചൻ, താങ്കളറിയുമോ ഈ ഗുജറാത്തിനെ

നടൻ അമിതാഭ് ബച്ചനാണ് 'ഗുജറാത്ത് ബ്രാൻഡി'ന്റെ പുതിയ പ്രചാരകൻ. ആ ബ്രാൻഡിനെ ബച്ചൻ പരസ്യത്തിലൂടെ സത്യമൊഴി ചൊല്ലി സാക്ഷ്യപ്പെടുത്തി. 'ഗുജറാത്ത് ബ്രാൻഡ്' എന്ന് മുഖ്യമന്ത്രി നരേന്ദ്ര ദാമോദർ മോഡിയും സാർഥവാഹകരും വിളിക്കുന്നത് വികസനം എന്ന അർത്ഥത്തിലാണ്. പുറംലോകത്ത് ആ ബ്രാൻഡിന്റെ സമവാക്യം കൂട്ടക്കൊല+വികസന പ്രതീതി=ഗുജറാത്ത് എന്നാണ്. ഇതിനെയാണ് മാതൃകയായി ബച്ചൻ അംഗീകരിച്ചത്. വിഖ്യാത നർത്തകിയും സാമൂഹ്യപ്രവർത്തകയുമായ മല്ലിക സാരാഭായ് അതിനെ നിശിതമായി വിമർശിച്ചുകൊണ്ട് തുറന്ന കത്തെഴുതിയതോടെ ഇന്ത്യൻ 'കുലീന' സമ്പന്ന വിഭാഗത്തിന്റെ വിഗ്രഹമായ ബച്ചന്റെ ഓട് തെളിയുകയാണ്. ബച്ചന് മാത്രമല്ല മല്ലികയുടെ ശരവർഷം കൊണ്ട് മുറിവേൽക്കുക. ജനപക്ഷത്തുനിന്നുകൊണ്ട് അവർ ബച്ചനെഴുതിയ കത്ത് സാധാരണ മനുഷ്യർ ദിവ്യത്വം പോലും കൽപ്പിച്ചുകൊടുക്കുന്ന എല്ലാ സിനിമാ കലാകാരൻമാർക്കും ബാധകമാവുന്നു.

സിനിമാ കച്ചവടത്തിന്റെ കാര്യത്തിൽ വെറുതെ അഭിപ്രായം പറയേണ്ടതില്ലല്ലോ എന്ന് കത്തിൽ തന്നെ സൂചനയുണ്ട്. ലണ്ടനിലെ പൊട്ടിപ്പൊളിയുന്ന ഒരു ഓഹരിക്കമ്പനിയിൽ നമ്മുടെ പണം നിക്ഷേപിക്കാൻ പ്രേരിപ്പിച്ച് രംഗത്തുവരുന്ന മാറ്റിനിതാരങ്ങളും പൊന്നിനു പകരം ജീവിതം തന്നെ കൈമാറാൻ പ്രോത്സാഹിപ്പിക്കുന്നവരും ജനപക്ഷത്തുനിന്ന് മല്ലിക പറയുന്നത് ശ്രദ്ധിക്കുക, ഒപ്പം എല്ലാം വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഇന്ദ്രജാലപ്രഭയുള്ള സ്ക്രീനിലെ സ്വർഗ്ഗീയ പ്രൊമോകൾ പലതും നരകത്തിലേക്കുള്ള വാതിലാണെന്ന് സാധാരണക്കാരനുപോലും മനസ്സിലാവുന്നതാണ് മല്ലികയുടെ കുത്തുന്ന വാക്കുകളും അവർ നിരത്തുന്ന കത്തുന്ന യാഥാർത്ഥ്യങ്ങളും; മല്ലികയുടെ കത്തിന്റെ സംക്ഷിപ്തരൂപം: "പ്രിയപ്പെട്ട ബച്ചൻജി, ഒരു ഗുജറാത്തിയുടെ അഭിവാദ്യങ്ങൾ. താങ്കൾ തീർച്ചയായും ഒരു നല്ല നടനാണ്. ബുദ്ധിമാൻ, നല്ല കച്ചവടക്കാരൻ. പക്ഷേ, താങ്കളുടെ സാക്ഷ്യപ്പെടുത്തലുകൾ

അമിതാഭ് ബച്ചൻ



ഞാൻ വിശ്വസിക്കുന്നതെങ്ങനെ?

"താങ്കൾ വിശ്വസിക്കുന്നവയായി പ്രഖ്യാപിക്കുന്ന ഉൽപ്പന്നങ്ങളിലേക്ക് ഒരു ഹ്രസ്വസന്ദർശനം (കനത്ത പ്രതിഫലം വാങ്ങി); ബി.പി.എൽ, ഐ.സി.ഐ.സി.ഐ., പാർക്കർ-ലക്സർ പേനകൾ, മാരുതി വേഴ്സ കാർ, കാഡ്ബറി ചോക്കലേറ്റ്, നെരോലാക് പെയിന്റ്, ഡാബർ, ഇമാമി, എവറെഡി, സഹാറാ സിറ്റിഹോംസ്, ദ്ദമസ്, ബിനാനി സിമന്റ്, റിലയൻസ്, ഇപ്പോഴിതാ ഗുജറാത്തും.

"ബച്ചന്റെ വീട് പണിതതു ബിനാനി സിമന്റ് കൊണ്ടാണോ? കാഡ്ബറി വല്ലാതെ ഇഷ്ടമാണ്?, ദാബർ ഹണ്മേല കഴിക്കും? ഏതു പേനയാണ് ഉപയോഗിക്കാറ്, സിനിമയിലല്ലാതെ എന്നും വേഴ്സകാർ ഉപയോഗിക്കാറുണ്ടോ? നെരോലാക് പെയിന്റിലുള്ള ഈയം (താങ്കൾ അത്, വീട്ടിൽ ഉപയോഗിക്കുന്നുണ്ടാവുമല്ലോ) ഒട്ടേറെപ്പേരിൽ വിഷബാധ ഉണ്ടാക്കുന്ന കാര്യം അറിയാമോ?" ഇന്ത്യൻ സമകാലീന പനോരമയിലെ സമ്പന്നരുടെ കുലീന മുഖത്തിനു നേരെ, മല്ലികയുടെ ശരവർഷം തുടരുന്നു;

"ഇതൊക്കെ താങ്കൾ സാമ്പത്തിക നേട്ടത്തിനു വേണ്ടി ചെയ്തതാണോ? പ്രത്യേകിച്ച് പ്രതിഫലം പരസ്യമായി പറ്റാത്ത സ്ഥിതിക്ക്, ഗുജറാത്ത് ബ്രാൻഡിനെ അംഗീകരിക്കാൻ ബച്ചനെ പ്രേരിപ്പിച്ചത് എന്തായിരിക്കും? ഗുജറാത്തിന്റെ പോക്ക് അദ്ദേഹം പതിവായി പിന്തുടരാറുണ്ടോ എന്ന് സംശയമാണ്."


മല്ലിക സാരാഭായ്

"സാമ്പത്തിക നേട്ടം അല്ലെങ്കിൽ എന്താണ് ഇക്കാര്യത്തിൽ ബച്ചന് വഴികാട്ടിയത്? ഗുജറാത്തിന്റെ അവസ്ഥ താങ്കൾ പരിശോധിച്ചിട്ടുണ്ടോ? എനിക്ക് സംശയമുണ്ട്. കാരണം, 'ഗുജറാത്ത് ബ്രാൻഡി'നെ അദ്ദേഹം വരിച്ചതും അതിന്റെ പ്രഖ്യാപനവും ഒരേയൊരു മീറ്റിങ്ങിനെ തുടർന്നാണുണ്ടായത്. ഗുജറാത്തിൽ നിന്നുള്ള വാർത്തകൾ താങ്കൾ സൂക്ഷ്മമായി പിന്തുടരാറുണ്ടോ എന്ന് അതുകൊണ്ട് ഞാൻ സംശയിക്കുന്നു."

"അതുകൊണ്ട് ഒരു ഗുജറാത്തി എന്ന നിലയിൽ സംസ്ഥാനത്തെ പരിചയപ്പെടുത്താൻ എന്നെ അനുവദിച്ചാലും. ഞങ്ങളുടെ ആർജ്ജവത്തെപ്പറ്റി എല്ലാവർക്കുമറിയാം. കഴിഞ്ഞ രണ്ടുവർഷത്തെ വൈബ്രന്റ് ഗുജറാത്ത് കോലാഹലത്തിൽ ശതകോടികളും അപാരകോടികളും സംസ്ഥാനത്തേയ്ക്ക് ഒഴുകുന്നു എന്നാണല്ലോ എല്ലാവരുടേയും ധാരണ. എന്നാൽ, താങ്കൾ അറിയുക, ഇതിൽ ഇരുപത്തിമൂന്ന് ശതമാനം മാത്രമേ ധാരണാപത്രത്തിന്റെ ഘട്ടം പിന്നിട്ടിട്ടുള്ളു. നമ്മുടെ അതിസമ്പന്നരായ വ്യവസായികൾക്ക് കണ്ണഞ്ചിക്കുന്ന സബ്സിഡി നൽകികൊണ്ടാണിത്. അതേസമയം 75000 ചെറുകിട വ്യവസായങ്ങൾ പൂട്ടുകയും പത്ത് ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥ താങ്കളറിയുന്നുണ്ടോ?"

"താങ്കൾക്കറിയാം ഗുജറാത്തിന്റെ അതിവേഗ വികസനത്തെക്കുറിച്ചും, ആഗോള വ്യവസായ സാമ്രാജ്യത്തിലെ സാർ ചക്രവർത്തിമാർ ക്യൂനിൽക്കുന്നതും... നമ്മെ വളർത്താൻ. ആരെ വളർത്താൻ? നമ്മുടെ ദരിദ്രർ കൂടുതൽ ദരിദ്രരും ദരിദ്ര നാരായണൻമാരുമായിക്കൊണ്ടിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ 1993-2005 വർഷത്തിൽ പട്ടിണി വളർച്ചാനിരക്ക് 8.5 ശതമാനം കുറഞ്ഞപ്പോൾ ഗുജറാത്തിൽ അത് 2.8 ശതമാനം മാത്രം. ഗൃഹനാഥൻ മാത്രമല്ല, കുടുംബം മുഴുവൻ ആത്മഹത്യ ചെയ്ത നിരവധി സംഭവങ്ങൾ കാർഷിക മേഖലയിലുണ്ട്. "ചില എൻ.ജി.ഒ. സംഘടനകൾ നർമ്മദ പദ്ധതിയെ എതിർക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് പിടിച്ചുനിൽക്കുന്നതിനെക്കുറിച്ചും വരളുന്ന വയലുകളുടേയും ചുണ്ടുകളുടേയും തരിശിലേക്ക് പ്രവഹിക്കുന്ന ജലത്തെക്കുറിച്ചും താങ്കൾ കേട്ടുകാണും! എന്നാൽ, പണി തുടങ്ങി നാല്പത്തിയഞ്ച് വർഷം പിന്നിട്ടിട്ടും 29,000 കോടി രൂപ ചെലവഴിച്ചിട്ടും പദ്ധതി ഇരുപത്തൊൻപത് ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നറിയാമോ? അണക്കെട്ടിന്റെ നിർമ്മിതി വളരെ ദയനീയമാണ്. സിമന്റിൽ (ഏതു സിമന്റാണെന്ന് ബച്ചനറിയാമല്ലോ) ആവശ്യത്തിലേറെ മണൽ ചേർത്തു നിർമ്മിച്ച അണ, കഴിഞ്ഞ ഒൻപതുവർഷത്തിനിടെ 308 തവണ തകർന്നു. പ്രളയത്തിൽ കൃഷി നശിച്ച ലക്ഷക്കണക്കിന് കർഷകരുടെ ജീവിതം, അത് തരിശാക്കി. ഉപ്പുപാടങ്ങൾ അലിഞ്ഞുപോയി. ഓർക്കണം, 1999-ൽ ഗുജറാത്തിൽ 4,743 ഗ്രാമങ്ങൾ കുടിവെള്ളം കിട്ടാത്തവയായിരുന്നു. രണ്ടു വർഷത്തിനകം അത് 11,390 ആയി ഉയർന്നു. (ഇന്നത്തെ കണക്കുകൾ ഉയർത്തിക്കാട്ടാനാവാത്തവിധം ഭീമാകരമാണ്.)

"ഗുജറാത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്ന കോർപ്പറേറ്റ് പേരുള്ള, ഞങ്ങളുടെ മുഖ്യമന്ത്രിയുടെ കീഴിൽ ഒരു കാര്യത്തിൽക്കൂടി ഞങ്ങൾ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. കടത്തിന്റെ കാര്യത്തിൽ; 2001-ൽ സംസ്ഥാനത്തിന്റെ കടം പതിനാലായിരം കോടി രൂപയായിരുന്നു. ഇന്നത് ഒരു ലക്ഷത്തിയൻപതിനായിരം കോടി രൂപയാണ്. ഇതിന്റെ പലിശ പ്രതിവർഷം ഏഴായിരം കോടി രൂപയാണ്. ഞങ്ങളുടെ വാർഷിക ബജറ്റിന്റെ ഇരുപത്തിയഞ്ച് ശതമാനമാണത്."

"അതേസമയം വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കുന്ന തുക നാടകീയമായി കുറഞ്ഞു. ദരിദ്രർക്കായി ഒറ്റ പൊതു ആതുരാലയം പോലും ഉയർന്നില്ല. മീനിനു വേണ്ടി കടലിനോട് യാചിക്കുകയാണ് മുക്കുവർ. പ്രസവത്തിൽ മരിക്കുന്ന അമ്മമാരുടെ എണ്ണം പെരുകുന്നു. മാനവശേഷി വികസനത്തിൽ, ഞങ്ങൾ ഒന്നാം സ്ഥാ

നത്താണ്– പട്ടിക തലകീഴായി പിടിച്ചാൽ! ഒരുദിവസം ഒരു ബലാൽസംഗം, സ്ത്രീകൾക്കെതിരായ അക്രമത്തിന്റെ പതിനേഴ് കേസുകൾ, കഴിഞ്ഞ പത്തുവർഷത്തിനിടെ 8,802 ആത്മഹത്യകൾ, 18,152 'വിശദീകരണമില്ലാത്ത' ആപൽമരണങ്ങൾ, എല്ലാം സർക്കാർ കണക്കാണ്. യഥാർത്ഥ കണക്ക് താങ്കൾക്ക് ഊഹിക്കാമല്ലോ!"

ഗുജറാത്തിനെ അംഗീകരിക്കാൻ തന്നെ പ്രേരിപ്പിച്ചത് സോമനാഥ ക്ഷേത്രവും ഗാന്ധിയുമാണെന്ന് ബച്ചൻ പറയുന്നുണ്ട്. "സോമനാഥ് ക്ഷേത്രം നിർമ്മിച്ചത് ജനങ്ങൾക്കുവേണ്ടിയാണ്. ഗാന്ധി ജനങ്ങളോടൊപ്പമായിരുന്നു. ഗുജറാത്തിലെ ജനങ്ങൾ ബച്ചനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലുമാണോ? ആണെങ്കിൽ താങ്കളുടെ നിലപാട് വ്യത്യസ്തമാവുമായിരുന്നോ? ഈ കത്ത് താങ്കൾ മുഴുവൻ വായിക്കുമെന്നും തീരുമാനമെടുക്കുമെന്നും ഞാൻ ആശിച്ചുപോവുന്നു. നന്ദി."

കായികം

## സച്ചിൻ മാജിക്കൽറിയലിസം

"ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ടെസ്റ്റിന്റെ മൂന്നാംനാൾ ചായ സമയത്ത് ഒന്നാം ഇന്നിങ്സ് ഒൻപതുവിക്കറ്റിന് 209 എന്ന നിലയിൽ ഡിക്ലയർ ചെയ്തു. ഓപ്പണർ...101 റൺസുമായി അപരാജിതനായി ക്രീസിൽ നിന്നു." രണ്ടു പതിറ്റാണ്ടു മുൻപു വരെ ഇതായിരുന്നു പതിവ് ക്രിക്കറ്റ് വാർത്ത. ഇല്ലെങ്കിൽ ഗവാസ്കർ സെഞ്ചറി അടിക്കാത്തതുമൂലം ഇന്ത്യ ഒന്നാം ഇന്നിങ്സിൽ എല്ലാവരും 210 റൺസിനു പുറത്തായി പരുങ്ങലിലാണ്" എന്നാവും വാർത്ത.

ബോംബെ ജിംഖാന ഇന്ത്യൻ ക്രിക്കറ്റിനുമേൽ ചിറകുവിടർത്തി നിന്ന കാലമായിരുന്നു അത്. ഗവാസ്കർ അതിന്റെ പ്രതീകമായിരുന്നു. റണ്ണും വിജയവും അപ്രസക്തമായ കാലം. ഗവാസ്കറുടെ ക്രിക്കറ്റ് പൂർണ്ണിമയായിരുന്നു പ്രതീകാത്മക ലക്ഷ്യം. ഇന്ത്യക്ക് അഭിമാനിക്കാൻ ഗവാസ്കറും സ്പിൻ ബൗളിങ്ങുമേ ഉണ്ടായിരുന്നുള്ളു. ലോക ക്രിക്കറ്റിൽത്തന്നെ ഏറ്റവും ലാവണ്യശൈലിയായാണ് ബോംബെ ജിംഖാന എന്നറിയപ്പെടുന്ന നൃത്തച്ചുവടുകളുടേയും ശരീര ഭാഷ്യത്തിന്റേയും പ്രകടനം. ഈ വ്യാകരണം നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്രിക്കറ്റിന് ഇന്ത്യയുടെ സംഭാവനയാണ്. അതിൽ തന്റേതായ കസവണികളും മിന്നൽപ്പിണരുകളും കൂട്ടിച്ചേർക്കുകയും വിജയതൃഷ്ണ വിളക്കിച്ചേർക്കുകയുമാണ് സച്ചിന്റെ അവതാരം ചെയ്തത്.

അവധാനതയ്ക്കുപകരം വധതൃഷ്ണയ്ക്കു സമാനമായ വിജയമോഹവും ടീം സ്പിരിറ്റും ക്ലാസിക് ക്രിക്കറ്റിന്റെ ഭാഗമായത് അങ്ങനെയാണ്. യാഥാസ്ഥിതിക ബോംബെ ശൈലിയും സച്ചിൻ നവീകരിച്ച പാതയും പിന്തുടരുന്ന ക്രിക്കറ്റർമാർ ഇന്ന് വേറെയില്ല. ക്രിക്കറ്റ്, സൗന്ദര്യത്തിനുപകരം ശക്തിയുടെ പ്രകടനമായി, മാറിയതോടെ ബോംബെ ശൈലി ചരിത്രത്താളുകളിലേക്ക് അസ്തമിച്ചുകൊണ്ടിരിക്കുന്നു. ഒരുകാലത്ത്



സച്ചിൻ ടെണ്ടുൽക്കർ

ബ്രസീലിന്റെ ഫുട്ബോൾ പദവി എന്തായിരുന്നുവോ അതായിരുന്നു ക്രിക്കറ്റിൽ ഇന്ത്യ. ഗുണ്ടപ്പ വിശ്വനാഥ് പെലെയുടെ സ്ഥാനം വഹിച്ചു. ടെസ്റ്റ് ക്രിക്കറ്റിന്റെ ഭാവിയും പ്രസക്തിയും തന്നെ വീണ്ടും വീണ്ടും ചർച്ചയായിക്കൊണ്ടിരിക്കുന്ന ഇന്ന് സച്ചിൻ ലോകക്രിക്കറ്റിന്റെ വിളക്കുമാടമാവുന്നു. കളിയുടെ എല്ലാ മുഖങ്ങളിലും. ഇന്ത്യ അർഹിക്കുന്ന അഹങ്കാരമാണ് സച്ചിൻ.

ഉത്തർപ്രദേശ്

## മായാവതി മെലിഞ്ഞാലും തൊഴുത്തിൽ പോവില്ല

ആനയും അമ്പാരിയുമായി ഡൽഹിയിലെ ചക്രവർത്തിനി പദത്തിലേക്ക് തേരോടിക്കാൻ ഇടതു പിന്തുണയോടെ കുതിരപ്പന്തയം നടത്തിയ മായാവതിക്കു ഇന്ത്യയിൽ ഒരു ഭരണാധികാരിക്കുള്ള 'സെൽഫ് പ്രമോഷൻ' അധികാരം നിഷേധിക്കുകയോ? തന്റെ സ്മരണ ജനങ്ങൾ എന്നും നിലനിർത്തി ആശ്വസിക്കട്ടേയെന്നു കരുതി അവർ ചെയ്യുന്നതൊക്കെ പ്രതിപക്ഷവും കോടതികളും ചേർന്നു വിലക്കുകയാണ്. ഇപ്പോഴിതാ തൃശ്ശൂരുകാരെ ലജ്ജിപ്പിക്കുംവിധം അവർ ഉണ്ടാക്കിയ ആനസ്മാരകങ്ങൾ സുപ്രീം കോടതി വിലക്കിയിരിക്കുന്നു. ഫെബ്രുവരി 22–ന്റെ ഉത്തരവിൽ. രണ്ടായിരം കോടി രൂപയ്ക്ക് ആനകളുടെ പ്രതിമ ഉത്തർപ്രദേശിലെങ്ങും സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി. മായാവതിയുടെ പാർട്ടിയുടെ സ്വന്തം ചിഹ്നമാണ് ആന.



മായാ സാമ്രാജ്യം: യു.പി. മുഖ്യമന്ത്രി മായാവതി ഒരു ചടങ്ങിനിടെ

എന്നാൽ, ശുഭചിഹ്നം എന്ന നിലയിലാണ് പ്രതിമകൾ സ്ഥാപിക്കുന്നതെന്ന് യു.പിയുടെ അഭിഭാഷകൻ കോടതിയെ ബോധിപ്പിച്ചു... നൂറുകണക്കിന് ആനശില്പങ്ങൾ പണിതീർന്ന് കിടക്കുകയാണത്രേ. ബി.എസ്.പിയുടെ സെക്രട്ടറിയും മായാവതിയുടെ ഉറ്റതോഴനുമായ അഡ്വക്കേറ്റ് എസ്.ഡി. മിശ്രയും സർക്കാർ വക്കീലും കോടതിയെ ധരിപ്പിച്ചതാണിത്. അഹങ്കാരത്തിന് കൊമ്പുവച്ച ഈ വാദത്തെ, വിഷയം കോടതിയിലെത്തിച്ച അഭിഭാഷകൻ അഡ്വക്കേറ്റ് രവി കാശി സൗമ്യമായി എതിർക്കുന്നു: "ഇവിടെ വിഷയം ആനയല്ല. പൊതു ഖജനാവിലെ പണം മുടക്കി ബി.എസ്.പിയുടെ തെരഞ്ഞെടുപ്പ് ചിഹ്നം സ്ഥാപിക്കലാണ്."

ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ അടങ്ങുന്ന മൂന്നംഗബെഞ്ച്, ഈ വിഷയം തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയ്ക്കു വിട്ടിരിക്കയാണ്, മൂന്നു മാസത്തിനകം അവരുടെ തീരുമാനം അറിയിക്കാൻ നിർദ്ദേശിച്ചുകൊണ്ട്. ദളിത് ചിഹ്നങ്ങൾ എന്ന പേരിൽ നൂറുകണക്കിന് കോടിരൂപ മുടക്കി നടക്കുന്ന പ്രതിമാനിർമ്മാണത്തിന്റെ അജണ്ടയിൽ ആദ്യം മായാവതിയുടെ പ്രതിമ മാത്രമേ ഉണ്ടായിരുന്നുള്ളു. സ്മാരക പാർക്കുകൾക്ക് (ഉത്തരേന്ത്യയിൽ അതൊരു കൊടിമരത്തിന്റെ പേരായിരുന്നു, മായാവതി തന്റെ മായാജാലം തുടങ്ങും മുൻപ്) രണ്ടായിരം കോടി രൂപ വകയിരുത്തി നിയമസഭയിൽ പാസാക്കിയെടുത്തു. കാര്യമായ എതിർപ്പൊന്നുമുണ്ടായില്ല. മിക്കവാറും നിയോജകമണ്ഡലങ്ങളിലെ എം.എൽ.എമാർക്ക് ചുരുങ്ങിയത് ഒരു പ്രതിമ വച്ചെങ്കിലും അനുവദിച്ചിരുന്നല്ലോ. കഴിഞ്ഞ സെപ്റ്റംബറിൽ സുപ്രീം കോടതി മായാവതിയുടെ പ്രതിമക്കൊയ്ത്ത് വിലക്കി. മായാവതി പുച്ഛിച്ചുതള്ളി, പണി തുടർന്നു. സുപ്രീം കോടതി പൊട്ടിത്തെറിച്ചപ്പോൾ മായാവതി ക്ഷമ പറഞ്ഞ് പിൻമാറി. കൂടെ വീണ്ടും ഒരു ന്യായം; പുതിയതൊന്നും പണിയുന്നില്ല, പഴയത് പുതുക്കുന്നതേയുള്ളു. ഈ വിശദീകരണം നൽകി മണിക്കൂറുകൾ പിന്നിടും മുൻപ് ഒരു പൊതു സമ്മേളനത്തിൽ മായാവതിയും പൊട്ടിത്തെറിച്ചു; "പ്രതിമാ നിർമ്മാണം തടയാമെന്ന് ആരെങ്കിലും വ്യാമോഹിച്ചാൽ രാജ്യമെമ്പാടും അത് ക്രമസമാധാന പ്രശ്നമുണ്ടാക്കും."

ദരിദ്രവും പീഡിതവുമായ ഒരു പശ്ചാത്തലത്തിൽ നിന്ന് ഉയർന്ന് ഹിന്ദിബെൽറ്റിലെ ദളിതരെ സംഘടിപ്പിച്ച് രാഷ്ട്രീയത്തിന് ഒരു പുതിയ പഥം ഉണ്ടാക്കിയ വനിതയെന്നനിലയിൽ മായാവതിയെ കാണാനും പ്രോത്സാഹിപ്പിക്കാനും ശ്രമിച്ചവരെ ലജ്ജിപ്പിക്കുവാൻ മെനഞ്ഞു ശ്രമിക്കുകയാണോ അവർ?

പരിസ്ഥിതി

## ദയവായി ഹിമാനികൾ ഒഴിവാക്കുക

അത് വിനോദയാത്രക്കുള്ള സ്ഥലമല്ല. ജീവന്റെ ആധാരശിലയായ ജലത്തിന്റെ പ്രഭവകേന്ദ്രമാണ്. ആ വിശുദ്ധിയിൽ മേഞ്ഞുനടന്നാൽ എന്തുണ്ടാവുമെന്ന് പിണ്ഡാരി മഞ്ഞുമലകളുടെ ഗതിയും വിധിയും ചൂണ്ടിക്കാണിക്കുന്നു. ലോകത്തെമ്പാടുമുള്ള ഹിമാനികൾ പോലെ ഇന്ത്യയിലെ മൂന്നു സുപ്രധാന ഹിമാനികളും ദ്രവിക്കുകയാണ്. ഋതുചക്രത്തിലെ മഞ്ഞുരുകലല്ല ഇത്. ഉയരുന്ന ഭൗമതാപത്തിന്റെ വ്യക്തമായതെളിവാണ്. ഗംഗാതടത്തിലെയും മേൽവാരത്തിലേയും ആയിരക്കണക്കിന് ഗ്രാമങ്ങളെ മുക്കിക്കൊല്ലാൻ ശേഷിയുള്ള പ്രതിഭാസമാണ് ഉടലെടുക്കുന്നത്. ഇതോടൊപ്പം ഈ മേഖലയിൽ ഒരുവശത്ത് ഇന്ത്യയും മറുവശത്ത് നേപ്പാളും തിബത്തിനെ ടൂറിസ്റ്റ് കോളനിയാക്കി അവരുടെ സവിശേഷ സംസ്കാരം വിറ്റ് ഡോളറുകൾ വാരിക്കൂട്ടുന്ന ചൈനയും നടത്തുന്ന ടൂറിസ്റ്റ് കച്ചവടവും കാ

ലാവസ്ഥാമാറ്റത്തോടുള്ള അലസമായ സമീപനങ്ങളും ഈ മേഖലയിലെ ജീവയോഗ്യമാക്കിയ ജലസ്രോതസ്സുകളെ ഉന്മൂലനം ചെയ്യുകയാണ്. അടുത്ത അരനൂറ്റാണ്ടിനകം ഇന്ത്യയിൽ പിണ്ഡാരി അടക്കം ലോകത്തെ മൂന്ന് വമ്പൻ ഹിമാനികൾ അലിഞ്ഞുതീരുമെന്നും അൻപത് കോടിയിലേറെപ്പേർ തിരിശിൽ ജീവിക്കേണ്ടിവരുമെന്നാണ് ഹിമാനി ശാസ്ത്രകാരന്മാരുടെ നിഗമനം.

പിണ്ഡാരി ഹിമാനിയിലേക്കുള്ള വഴി, ബന്ധപ്പെടേണ്ട ടൂറിസ്റ്റ് ഓപ്പറേറ്റർ, ചെലവാക്കുന്ന തുക (വെറും ലക്ഷങ്ങൾ) ഇതൊക്കെ കംപ്യൂട്ടറിൽ വിരലമർത്തിയാൽ കിട്ടും. എത്രയും കുറച്ചുപേർ അതറിയുന്നുവോ അത്രമേൽ നല്ലത് എന്നേ ഇനി കരുതാനാവൂ. പിണ്ഡാരിയിലേക്ക് പല വഴികളുണ്ട് എന്നതു വേറെ കാര്യം. ഏഴുദിവസത്തെ നടപ്പാണ് പിണ്ഡാരിയുടെ തുടക്കത്തിലെത്താൻ. കുമയൂൺ ഹിമാലയ നിരകളുടെ ഭാഗമാണ്. ഗംഗയുടെ പ്രധാന തായ്‌വഴികളിലൊന്നായ ഗോമതീനദി ഇവിടെ നിന്നാണ് മഞ്ഞിന്റെ മറനീക്കി ദൃശ്യമാവുന്നത്. വഴിനീളെ ചൂടുനീരുറവകളുണ്ട്... തൊട്ടുതാഴെ, ദരിദ്രരായ ഗ്രാമീണരുടെ 'ഷോകേസ്' ചിത്രങ്ങളും മരവീടുകളും ധാരാളം.

തരിശായി പോവുന്ന കുമയൂൺ പാടങ്ങളെക്കുറിച്ച് ആർക്കും അത്ര ഉൽക്കണ്ഠയില്ല. മലകളിൽ ആയിരക്കണക്കിനേക്കർ ആപ്പിൾ-ഓറഞ്ച് കൃഷിയുടെ താഴെ നൈനിത്താളിലും അൽമോറയിലും സുഖവാസ നഗരങ്ങൾ പണിതിട്ടുണ്ട്. പോവും വഴി നൈനോദേവിയുടെ തടാകമായ നൈനിത്താൾ മുതൽ ശകുനിത്താൾ വരെയുണ്ട്. കള്ളചൂതുകളിക്കാൻ പോവും മുൻപ് ശകുനി ഇറങ്ങിക്കുളിച്ച തടാകമാണത്രേ അത്. അതുകൊണ്ട് കള്ളന്മാർ മാത്രമേ അവിടെ കുളിക്കൂ എന്ന് ഗൈഡാവാൻ ശ്രമിക്കുന്ന തദ്ദേശീയർ പറയും. അശ്വതാളും ഭീമതാളും ദ്രൗപദീതാളും മല്ലിത്താളും ഒക്കെയുണ്ട്. എല്ലാം തടാക ശൃംഖല. ജലസമൃദ്ധമായ ഈ പ്രദേശം എങ്ങനെ തരിശാവുന്നു എന്ന് അദ്ഭുതം തോന്നും. രണ്ടാണ് കാരണം; മേൽത്തട്ടിലെ പഹാഡികളുടെ പുതുതലമുറയെ കാർഷികക്കൂലിപ്പണിക്കു കിട്ടുന്നില്ല. മഞ്ഞിന്റെ നിരന്തരമായ ആവരണത്തിൽ നിന്നു പുറത്തുചാടി അവർ തൊട്ടടുത്ത് പണിതുയർത്തിവരുന്ന റിസോർട്ട് പട്ടണങ്ങളിലേക്ക് ജോലി തേടിപ്പോയി. കുമയൂൺ മലനിരകളുടെ ഉച്ചിയായ ടാക്കോഡി, താഴ്‌വാരത്തെ ഭാഗേശ്വർ എന്നിവിടങ്ങളിലേക്കായിരുന്നു മൊബൈൽ ഫോണും ടി.വിയും സിനിമയും തേടിയുള്ള യാത്ര. അവിടെ ചായക്കടകളിൽ കൂലിക്കാരായി അവർ തൃപ്തരായി. പർവതമേഖലയിലെ യുദ്ധത്തിന് പ്രാപ്തിയുള്ള ശാരീരികഘടനയും ചോദനയുമുള്ള ഇവർക്ക് ഇപ്പോൾ സൈന്യത്തിൽ പരിഗണനയുണ്ട്. ചില പർവത വംശജർ അവിടേയും എത്തിച്ചേരുന്നു. (മൗണ്ടൻ വാർഫേർ?) ഇതുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ കാരണം; ആഗോളവത്ക്കരണത്തിന് മണ്ണു പരുവപ്പെടുത്താൻ കൊണ്ടുവന്ന ടൂറിസം വ്യവസായം എന്ന കാപട്യം. അത് ഈ വിദൂരസ്ഥ ഗ്രാമീണ മേഖലയെപ്പോലും പിടിച്ചുലക്കുകയാണ്. ഉത്തരാഖണ്ഡിന്റെ ഭാഗമായ ഇവിടം ഇന്ന് നഗരവാസികൾക്ക് ചൂഷണം ചെയ്യാൻ ഉത്തമമായ പ്രകൃതിവിഭവസമൃദ്ധിയുടെ വസന്തസ്ഥലിയാണ്. ഗോമതി നദിയെ ടണൽവഴി തിരിച്ച് നഗരങ്ങളിലേക്ക് ജലവും വൈദ്യുതിയും എത്തിക്കാനുള്ള പ്രവർത്തനം അവിടെ തകൃതിയായി നടക്കുകയാണ്. മറ്റൊരു തെലുങ്കാന പോലെ. പിണ്ഡാരി ഹിമാനിയിൽ നിന്ന് കേവലം മുപ്പത് കിലോമീറ്റർ അകലെ, ഹിമാലയനിരകളുടെ മൂക്കിൻ ചുവട്ടിൽ, ചലിച്ചുകൊണ്ടേയിരിക്കുന്ന മഞ്ഞുമലകളുടെ ചാരെ ഒരു വലിയ ഭൂഗർഭനിർമ്മാണപ്രവർത്തനം? അന്തംവിട്ട ആർത്തിയുടെ ലക്ഷണമാണിത്. ഉത്തരാഖണ്ഡിലെ പല നദികളിലും ഇങ്ങനെ നടക്കുന്നുണ്ട്. ഇതു മുന്നേറിയാൽ ഗഡ്‌വാളിനു താഴേയ്ക്കു ഗംഗയുണ്ടാവില്ല. മഹത്തായ സിന്ധു-ഗംഗാ നദീതട സംസ്കാരം ചരിത്രത്തിന്റെ താളുകളിലേക്ക് പിൻമാറുകയും ചെയ്യും.

1982-നു ശേഷം ഭൂമിയിൽ ഏറ്റവും ചൂടുകൂടിയ വർഷമായിരുന്നു 2009. ഒരു ഡിഗ്രി മുതൽ മൂന്നു ഡിഗ്രി വരെ ഭൗമോപരിതലതാപം കൂടി എന്നാണ് ഫീൽഡ് സർവെ റിപ്പോർട്ട്. 0.5 എന്നാണ് കംപ്യൂട്ടർ കണക്ക്. ഏതായാലും ഈയൊരു വർഷം പിണ്ഡാരി ഹിമാനി കഴിഞ്ഞ ഒരു നൂറ്റാണ്ടുകൊണ്ടുണ്ടായത്ര ദ്രവീകരണ



പിണ്ഡാരി ഹിമാനി

ത്തിനു വിധേയമായി, 0.8 സെന്റീമീറ്റർ ആഴത്തിൽ. സാധാരണ ഹിമാനികൾ ഉരുകുക പരപ്പിലാണ്. തിരശ്ചീനമായി. ലംബമായല്ല. ആ സ്വഭാവത്തിൽ വന്ന മാറ്റമാണ് ഹിമാനികളെ നമ്മുടെ ദൈനംദിന ഉൽക്കണ്ഠയുടെ ഭാഗമാക്കുന്നത്.

പഞ്ചാബ്

## വീണ്ടും മണിമുഴക്കുന്നത് ആർക്കുവേണ്ടി

പഞ്ചാബിന്റെ അതിർക്കപ്പുറമെ നിന്ന്, വീണ്ടും വിപത്തിന്റെ മണിനാദം ഉയരുകയാണ്. ഇന്റലിജൻസ് ഇഴപിരിച്ചെടുത്ത ഒരു സന്ദേശത്തിൽനിന്ന് മനസ്സിലാവുന്ന പ്രകടമായ വസ്തുത, പാകിസ്ഥാൻ വീണ്ടും സിഖ് തീവ്രവാദികളുടെ പത്തി തല്ലിയുണർത്താനുള്ള ശ്രമത്തിലാ

ണെന്നാണ്. ഏതു പാകിസ്ഥാൻ എന്ന ചോദ്യം പ്രസക്തവുമാണ്. കാരണം, ഇന്ന് പാകിസ്ഥാൻ പലതാണ്. സൈന്യത്തിന്റേത്, സൈന്യത്തിനകത്തെ താലിബാൻ വിഭാഗത്തിന്റെ മറ്റൊരു പാകിസ്ഥാൻ, സൈനിക–ചാരസംഘടനയായ ഐ.എസ്.ഐയുടെ പാകിസ്ഥാൻ, സ്വതന്ത്ര, സ്വയം നിർണ്ണയാവകാശം പോലെ പ്രവർത്തിക്കുന്ന ഭീകരക്യാമ്പുകൾ, ഹിംസയോളം വളരുന്ന, മതവിശ്വാസികളുടെ മറ്റൊരു പാകിസ്ഥാൻ, സർദാരി–മുഷറഫ്- യു.എസ്സിന്റേത് വേറൊന്ന്... ഇതിലേതു പാകിസ്ഥാനും ഇന്ത്യയോട് മാനസികമായ അകൽച്ച മാത്രമേ ഉള്ളൂ. വിദേശകാര്യ സെക്രട്ടറി നിരുപമാ റാവുവിന് ചർച്ച ചെയ്ത് പരിഹരിക്കാനാവാത്തത്ര ആഴത്തിലുള്ള വിഭാഗീയതയാണിന്നുള്ളത്, അവിടെ. ഇതിനിടയിലാണ് ഭീകരരുടെ നേരിട്ടുള്ള ആക്രമണത്തിനുള്ള ഒരു തുറകൂടി കണ്ടെത്തുന്നത്. പഴകിയിട്ടും, മരിക്കാത്ത, അനാവശ്യമായ സാഹസികതയുടെ ആ അധ്യായം തുറക്കുന്നത് ആക്രമണത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനാണെന്നാണ്



സജ്ജൻകുമാർ, ജഗദീഷ് ടൈറ്റ്‌ലർ തുടങ്ങിയവരെ കോൺഗ്രസ് സ്ഥാനാർത്ഥികളാക്കുന്നതിനെതിരേ നടന്ന സിക്ക് പ്രകടനം

കരുതുന്നത്. ഇതോടെ 1980–കളിൽ കാശ്മീർ–പഞ്ചാബ് മേഖലയിൽ കലാപമുണ്ടാക്കുക എന്ന യു.എസ്. തന്ത്രം, അവരെ ഒഴിവാക്കിക്കൊണ്ട്, പാകിസ്ഥാൻ കേന്ദ്രീകരിച്ച് പുനരുദ്ധരിക്കുകയാണ്. കലാപത്തിന്റേയും യുദ്ധത്തിന്റേയും മരണത്തിന്റേയും നരകത്തിന്റേയും പൂരമാണിന്ന് അഫ്പാക്കിന്ത്യ എന്ന് യു.എസ്. നിരീക്ഷകർ വിളിക്കുന്ന മേഖലയുടെ സ്ഥായീഭാവം.

1984 നവംബറിൽ ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തോടെയും തുടർന്ന് കോൺഗ്രസ് നേതാക്കളായ സജ്ജൻകുമാർ, ജഗദീഷ് ടൈറ്റ്‌ലർ, ലളിത്മക്കൻ (പിന്നീട് കൊല്ലപ്പെട്ടു) കെ.കെ. തിവാരി, എന്നിവർ സംഘടിപ്പിച്ച ഞെട്ടിക്കുന്ന കൂട്ടക്കൊലയോടെയും, സിഖ് കലാപമടങ്ങിയെന്ന് ധരിക്കുന്നവർക്കു തെറ്റി. സിഖുമനസ്സുകളിലെ വേദന ഇന്നും തുടിക്കുകയാണ്. ഡൽഹിയുടെ പുറമ്പോക്കിൽ, ട്രാൻസ് യമുനാതീരത്ത് തല്ലിക്കൂട്ടിയ തകരഷെഡ്ഡുകളിൽ, അഭയാർത്ഥി ക്യാമ്പുകളിൽ, എല്ലാം നഷ്ടപ്പെട്ടവരുടെ പിൻതലമുറ വളരുകയാണ്. 1984 നവംബറിന്റെ ആദ്യനാളുകളിൽ അച്ഛൻ തെരുവിൽ കത്തിയെരിയുന്നതും അമ്മയും പെങ്ങളും കൂട്ടബലാൽസംഗത്തിനിരയാവുന്നതും ബാല്യത്തിന്റെ മനസ്സിൽ കൊത്തിവച്ചവർ. അവരുടെ മനസ്സിൽ ഇന്നും ഷെഡ്ഡിലെ ചൂടിനേക്കാൾ വലിയ അഗ്നികുണ്ഡമെരിയുകയാണ്, അനാഥത്വത്തിന്റെ തീ. മാറി മാറി വന്ന ഗവൺമെന്റുകൾ അവഗണിച്ച അവർ തുടിക്കുന്ന ഒരു ടൈംബോംബാവാൻ ഒരു ചെറു പ്രേരണ മതി. ഇന്ദിരയ്ക്കുശേഷം കാൽനൂറ്റാണ്ടിനിപ്പുറവും കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ടൈറ്റ്‌ലർക്ക് കോൺഗ്രസ് തെരഞ്ഞെടുപ്പിൽ സീറ്റ് നൽകിയപ്പോൾ അവർ പൊട്ടിത്തെറിച്ചു. അതൊരു സൂചനയാണ്. 1980–കളുടെ കലാപത്തിന് പ്രേരണയായത് ഗോതമ്പുപാടങ്ങളുടെ അതിസമൃദ്ധിയിൽ സമ്പന്നരായവരുടെ ലക്ഷ്യബോധമില്ലായ്മയാണ്. ഇന്ന് അതേ ഗോതമ്പു കർഷകരുടെ ആത്മഹത്യകൾ പഞ്ചാബിനെ വേട്ടയാടുന്നു. തരിശായ പാടങ്ങളിൽ; അതും ചെറുപ്പക്കാരിൽ പഴയ ഓർമ്മകൾ ജനിപ്പിച്ചാൽ ഇന്ത്യയിൽ ഒരു പുതിയ അർധയുദ്ധ മുഖംകൂടി തുറക്കാൻ ഇന്ത്യയുടെ ശത്രുക്കൾക്ക് അതുമതി.

ബാബർ ഖൽസ നേതാവ് വാധ്വാസിങ്ങാണ് ഇക്കുറി ഐ.എസ്.ഐ പിന്തുണയോടെ വീണ്ടും കലാപം ഒരുക്കൂട്ടുന്നതെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട്. ഇന്ത്യയിൽ നിന്നും യു.എസ്സിൽ സാമ്പത്തികത്തകർച്ചയിൽ തൊഴിൽ പോയ സിഖുകാർക്കിടയിൽനിന്നും റിക്രൂട്ട്മെന്റ് ആരംഭിച്ചു കഴിഞ്ഞു. യു.എസ്സിൽ നിന്ന് സിംഗപ്പൂർ, മലേഷ്യ വഴി ആളും ആയുധവുമെത്തിക്കാനാണ് ആസൂത്രണം. പുതിയ സംഘടനയുടെ പേര് ഖലിസ്ഥാൻ സിന്ദാബാദ്. പഴയ നേതാവ് ഭിന്ദ്രൻ വാലയുടെ സംഘടന ഖലിസ്ഥാൻ ലിബറേഷൻ എന്നായിരുന്നു.

ഇപ്പോഴത്തെ പഞ്ചാബ് മുഖ്യമന്ത്രിയും പഴയ മുഖ്യമന്ത്രി ബിയാന്ത് സിങ്ങിന്റെ മകനും യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റുമായ നവ്നീത് സിങ് ബിട്ടു എം.പി.യുമാണ് ആദ്യ ലക്ഷ്യങ്ങളെന്ന് ഇന്റലിജൻസ് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. വിവിധ ദേവാലയങ്ങൾ ആക്രമിച്ച് വർഗീയ കലാപവും ധ്രുവീകരണവുമാണത്രേ ആദ്യപടി. ഇന്ത്യയുടെ പടപ്പാളയങ്ങളായ റോപ്പാർ, പത്താൻകോട്ട്, ലുധിയാന എന്നിവിടങ്ങളിലും അമൃതസറിലെ സ്വർണ്ണക്ഷേത്രത്തിലും നൽഗൽസാമിലും ബാബർ ഖൽസയുടെ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞുവെന്നും റിപ്പോർട്ടിൽ പറയുന്നു. 1985–ഓടെ പഞ്ചാബിലെ സിഖ് സാഹസികത അന്നത്തെ മുഖ്യമന്ത്രി ബിയാന്ത് സിങ്ങും പൊലീസ് മേധാവി കെ.പി. എസ്. ഗില്ലും ചേർന്ന് അടിച്ചൊതുക്കി എന്നാണ് ചില കേന്ദ്രങ്ങൾ പറയുന്നത്. ലക്ഷ്യമില്ലാത്ത ഭീകരവാദവും യു.എസ്., പാകിസ്ഥാൻ വഴി നൽകിപ്പോന്ന ധന–ആയുധ സഹായങ്ങൾ നിലച്ചതുമാണ് കാരണമെന്ന് നയതന്ത്രവൃത്തങ്ങൾ പറയുന്നു. ഏതായാലും മുറിപ്പാടുകൾ മാഞ്ഞിട്ടില്ല. വാധ്വാസിങ്ങിന്റെ പടയോട്ടം തുടങ്ങിയാൽ ഇപ്പോഴേ ഒരു സംഗ്രാമഭൂമികയായ ഇന്ത്യ കൂടുതൽ ചുഴികളും മലരികളും നേരിടേണ്ടിവരും. ■